WEC-1/2180/19

വനിതശിശു വികസനഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 05.02.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - ദാക്ഷായണി വേലായുധൻ അവാർഡ് - 2020 - അപേക്ഷ ക്ഷണിച്ച് ശുപാർശ സഹിതം അയയ്ക്കുന്നത്- സംബന്ധിച്ച്

സൂചന : സ.ഉ.(സാധാ) നം. 60/2021 സാ.നീ.വ തീയതി 23-01-2021.

സ്ത്രീ ശാക്തീകരണത്തിനും പാർശ്വവൽകൃതരുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു വനിതയ്ക്ക് ദാക്ഷായണി വേലായുധൻ അവാർഡ് നൽകുന്ന്തിന് സൂചന പ്രകാരമ സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 2020 വർഷത്തെ ദാക്ഷായണി വേലായുധൻ അവാർഡിനായി നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സംബന്ധിച്ച വാർത്താക്കുറിപ്പും വിശദ വിവരങ്ങളും ഇതോടൊന്നിച്ച് അയക്കുന്നു. ടി വിവരം വകുപ്പിന്റെ ബ്ലോക്ക്തല കാര്യാലയങ്ങളിൽ അറിയിക്കേണ്ടതും പ്രാദേശിക വാർത്താമാധ്യമങ്ങളിലൂടെ പ്രചാരണം നൽകേണ്ടതുമാണ്. അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി 15/02/2021 ആണ്. 2021 ഫെബ്രുവരി 15 നകം ലഭിക്കുന്ന അപേക്ഷകൾ വ്യക്തമായി പരിശോധിച്ച് അപേക്ഷകളിൻമേൽ വ്യക്തവും വസ്തുനിഷ്ഠവുമായ അന്വേഷണം നടത്തി സ്കീമിലെ മാനദണ്ഡ പ്രകാരം അവാർഡിനായുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള സമിതി ഫെബ്രുവരി 17 ന് കൂടി ശുപാർശ ചെയ്യുന്ന യോഗ്യമായ അപേക്ഷകൾ മാത്രം, ശുപാർശയും, റിപ്പോർട്ടും സഹിതം 2021 ഫെബ്രുവരി 18 ന് ഈ കാര്യാലയത്തിൽ ലഭിക്കത്തക്ക വിധത്തിൽ അയച്ചുതരേണ്ടതാണ്. സമയപരിധിയും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷകളും നിശ്ചിത മാതൃകയിലല്ലാത്ത അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. (വിശദ വിവരം വകുപ്പിന്റെ വെബ് സൈറ്റിലും ലഭ്യമാണ്.)

SS-21

**ജില്ലാതല സെലക്ഷൻ കമ്മിറ്റി**

| | | | |
|---|---|---|---|
| 1. | ജില്ലാകളക്ടർ | - | ചെയർമാൻ |
| 2. | ജില്ലാ പോലീസ് മേധാവി | - | മെമ്പർ |
| 3. | ജില്ലാ മെഡിക്കൽ ഓഫീസർ | - | മെമ്പർ |
| 4. | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | - | മെമ്പർ |
| 5. | ജില്ലാ ഇൻഫർമേഷൻ ഓഫീസർ | - | മെമ്പർ |
| 6. | ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യുന്ന രണ്ട് സന്നദ്ധ സംഘടനാ പ്രതിനിധികൾ | - | മെമ്പർ |
| 7. | ജില്ല പട്ടിക ജാതി വികസന ഓഫീസർ | - | മെമ്പർ |
| 8. | ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ | - | മെമ്പർ |
| 9. | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | - | കൺവീനർ |

**മാനദണ്ഡങ്ങൾ**

1. അപേക്ഷക ജീവിച്ചിരിക്കുന്ന ആളാകണം
2. കഴിഞ്ഞ 5 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരാകണം.
3. അപേക്ഷകരുടെ പ്രവർത്തനങ്ങൾ സ്ത്രീ ശാക്തീകരണത്തിനും പാർശ്വവൽകൃതരുടെ ഉന്നമനത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ ആയിരിക്കണം
4. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങളാർജ്ജിച്ച വനിതകൾക്കും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ വനിതകൾക്കും മുൻഗണന നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്:

1. പ്രോഗ്രാം ഓഫീസർമാർക്കും
2. വെബ് സൈറ്റ്
3. കരുതൽ ഫയൽ